# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3564** **20.06.2019-ൽ മറുപടിക്ക്**

**<u>വാരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി മരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. എ.പി. അനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വാരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; | (എ) കേസന്വേഷണം (ക്രൈം നമ്പർ 321/18) പൂർത്തിയാക്കി കുറ്റപത്രം തയ്യാറാക്കി വരുന്നു. |
| (ബി) ഇതിലെ പ്രതികൾ ആരൊക്കെയാണ്; അവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | (ബി) കേസിലെ പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സന്തോഷ് കുമാർ പി. പി., സി.പി.ഒ, ഡി.എച്ച്.ക്യു., എറണാകുളം റൂറൽ.<br>2. ജിതിൻ രാജ്, സി.പി.ഒ, ഡി.എച്ച്.ക്യു., എറണാകുളം റൂറൽ.<br>3. സുമേഷ് എം. എസ്., സി.പി.ഒ., ഡി.എച്ച്.ക്യു., എറണാകുളം റൂറൽ.<br>4. ദീപക് ജി. എസ്.,സബ് ഇൻസ്പെക്ടർ, വാരാപ്പുഴ പോലീസ് സ്റ്റേഷൻ.<br>5. ക്രിസ്പിൻ സാം, പോലീസ് ഇൻസ്പെക്ടർ , നോർത്ത് പറവൂർ.<br>6. സി.എൻ. ജയാനന്ദൻ, ASI , വാരാപ്പുഴ പോലീസ് സ്റ്റേഷൻ.<br>7. സന്തോഷ് ബേബി,ASI (G), വാരാപ്പുഴ പോലീസ് സ്റ്റേഷൻ. |

8. ശ്രീരാജ് പി.ആർ.,സി. പി.ഒ., വാരാപ്പുഴ പോലീസ് സ്റ്റേഷൻ.

9. ഇ.ബി. സുനിൽ കുമാർ, സി.പി.ഒ., വാരാപ്പുഴ പോലീസ് സ്റ്റേഷൻ.

മേൽ പരാമർശിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ക്രിമിനൽ നടപടി നിയമ സംഹിത 197 (l) (b) പ്രകാരമുള്ള വിചാരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഡി.ജി.പി.യുടെ 2010 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടൈഗർ ഫോഴ്സ് എന്ന സേന രൂപീകരിച്ചതിന്റെയും പ്രസ്തുത ഫോഴ്സ് ശ്രീജിത് എന്ന നിരപരാധിയെ കസ്റ്റഡിയിലെടുത്ത് മർദ്ദിച്ച് കൊലപ്പെടുത്തിയതിന്റെയും ഉത്തരവാദിത്തമുണ്ടെന്ന് ആരോപിക്കപ്പെടുന്ന എസ്.പി.യെ പ്രതി ചേർക്കാതെ സാക്ഷി മാത്രമാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ കേസിൽ എസ് .പിയുടെ നിർദ്ദേശാനുസരണമാണ് ശ്രീജിത്തിനെ ടൈഗർ ഫോഴ്സ് കസ്റ്റഡിയിലെടുത്തത് എന്ന ആക്ഷേപത്തെക്കുറിച്ച് വീണ്ടും അന്വേഷണം നടത്തി സത്യാവസ്ഥ വെളിച്ചത്ത് കൊണ്ടുവരുമോ എന്നറിയിക്കാമോ?

(സി) യും (ഡി) യും

ഡി.ജി.പി.യുടെ 2010 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും, ഡി.ജി.പി. യുടെ അനുമതി ഇല്ലാതെയും റൂറൽ ടൈഗർ ഫോഴ്സ് രൂപീകരിച്ചതിന് സംഭവ സമയം എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ആയിരുന്ന ശ്രീ. എ. വി. ജോർജ്ജ് IPS-നെതിരെ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്തിരുന്നു. അന്വേഷണത്തിൽ ശ്രീജിത്തിനെ പോലീസ് കസ്റ്റഡിയിലെടുത്തത് എസ്.പി. യുടെ നിർദ്ദേശമനുസരിച്ചാണ് എന്നതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**